# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

### നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5277

### 01-07-2019 ൽ മറുപടിക്ക്

**മസാല ബോണ്ട് ഇറക്കാനുണ്ടായ സാഹചര്യം**

| ചോദ്യം<br>ശ്രീ. സി. ദിവാകരൻ | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) മസാല ബോണ്ടിലൂടെ സർക്കാർ എത്ര തുക സ്വരൂപിച്ചിട്ടുണ്ടെന്നും, ഏതെല്ലാം സ്ഥാപനങ്ങളാണ് ഇതിൽ നിക്ഷേപം നടത്തിയിട്ടുള്ളതെന്നും വ്യക്തമാക്കുമോ, വിശദാംശം നൽകുമോ;<br>(ബി) തിരിച്ചടവ് കാലാവധിക്ക് എത്ര തുക തിരിച്ചടയ്ക്കേണ്ടി വരുമെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | മസാല ബോണ്ട് വഴി ഇതുവരെ 2150 കോടി രൂപ സ്വരൂപിച്ചിട്ടുണ്ട്. തിരിച്ചടവ് കാലാവധിയായ 5 വർഷം കഴിയുമ്പോൾ പലിശയും മുതലും ഉൾപ്പടെ ആകെ 3195.23 കോടി രൂപ തിരിച്ചടക്കേണ്ടതായിട്ടുണ്ട്. അന്താരാഷ്ട്ര ബോണ്ട് വിപണിയിലെ സാമ്പ്രദായിക നടപടിക്രമങ്ങളിലൂടെ നടപ്പിലാക്കിയ കിഫ്ബിയുടെ മസാല ബോണ്ടുകളിൽ റിസർവ് ബാങ്ക് നിയമപ്രകാരം ഫിനാൻഷ്യൽ ആക്ഷൻ ടാസ്ക് ഫോഴ്സ് (FATF) അംഗീകരിച്ച നിക്ഷേപകർക്ക് മാത്രമേ പങ്കെടുക്കുവാൻ സാധിക്കു. കിഫ്ബിയുടെ മസാല ബോണ്ടിൽ പങ്കെടുത്ത എല്ലാ നിക്ഷേപകരും RBI നിഷ്കർഷിക്കുന്ന KYC മാനദണ്ഡം പാലിച്ചുവന്നവരാണ്. കിഫ്ബിയിൽ ലഭ്യമായിട്ടുള്ള നിക്ഷേപകരുടെ വിശദാംശങ്ങൾ ഇടപാട് നടന്ന ദിവസത്തെ അടിസ്ഥാനപ്പെടുത്തിയുള്ളതാണ്. ഇതിനു ശേഷം സെക്കന്ററി വിപണിയിൽ കച്ചവടം നടക്കാനുള്ള സാധ്യത കണക്കിലെടുത്താൽ, നിലവിൽ ഈ ബോണ്ടുകളുടെ ഉടമസ്ഥത ഇതേ നിക്ഷേപകർക്ക് തന്നെ ആകണമെന്നില്ല. |

സെക്ഷൻ ഓഫീസർ